# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4068 — 16.03.2017-ൽ മറുപടിയ്ക്ക്

**ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി**

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
ശ്രീ.എം.വിൻസെന്റ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.ടി.ബൽറാം

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) അതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

(എ) യും (ബി) യും

തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ നിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ധ ഏജൻസി ഡി.പി.ആർ തയ്യാറാക്കുന്നതാണ്. ഇതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ